**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 39

26-02-2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം

**ചോദ്യം**

ശ്രീ.പി.കെ.ശശി

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം കാര്യക്ഷമമാക്കാനും, സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിക്കും പ്രകാരം ഫയൽ നീക്കം/തീർപ്പാക്കൽ ഉറപ്പുവരുത്താനും ഉദ്യോഗസ്ഥർ കൃത്യസമയത്ത് എത്തി കൃത്യനിർവ്വഹണം കാര്യക്ഷമമാക്കാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കുമോ ; | എ) | സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിക്കും പ്രകാരമുള്ള സമയ പരിധിയ്ക്കുള്ളിൽ ഫയലുകൾ തീർപ്പാക്കുന്നതിനുമായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്, ഓഫീസിൽ കൃത്യസമയത്ത് ഹാജരാകുന്നത് ഉറപ്പിക്കുന്നതിനായി ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കൃത്യനിർവ്വഹണങ്ങളിൽ നാളിതുവരെ വീഴ്ചവരുത്തിയതായി എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയെന്നും എന്തു നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചുവരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | ബി) | അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുക, ഓഫീസിലെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുക തുടങ്ങിയ കാരണങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് പൊതുഭരണ വകുപ്പിലെ 5 ഓഫീസ് സൂപ്രണ്ട്മാർക്കെതിരെയും, 2 സെക്ഷൻ ഓഫീസർമാർക്കെതിരെയും 8 അസിസ്റ്റന്റ്മാർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുകയും ഇതിൽ കുറ്റാരോപണവിധേയരായ 10 പേർക്ക് നൽകിയ മെമ്മോയ്ക്ക് ജീവനക്കാർ ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് താക്കീത് നൽകി അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ബാക്കി 5 പേർക്കെതിരെയുള്ള അച്ചടക്ക നടപടി തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ